(സി- ഇ) ഭൂമി ഏറ്റെടുക്കുന്ന നടപടി ത്വരിതപ്പെടുത്തി വീടുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

കൊണ്ടോട്ടി താലൂക്ക് ഓഫീസിന്റെ നിർമ്മാണം

144 (3892) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്ക് ഓഫീസിന്റെ നിർമ്മാണത്തിനുവേണ്ടി കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സൗജന്യമായും നിലവിൽ ഗ്രാമപഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്നതിന്റെ അടുത്തുള്ളതുമായ 50 സെന്റ് സ്ഥലം നൽകിയിട്ടുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും രണ്ടുകോടി രൂപ അനുവദിച്ചതിന്റെ ഭരണാനുമതി ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനായി നൽകിയ ഭൂമി തരംമാറ്റുന്നത് സംബന്ധിച്ച് 29902/L1/14 ഫയലിൽ നടന്ന ഉന്നതതല യോഗത്തിന്റെ തീരുമാനങ്ങൾ എന്താണെന്ന് വിശദമാക്കുമോ ;

(ഡി) തരം മാറ്റുന്നത് സംബന്ധിച്ച നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഇ) സ്ഥലവും ഫണ്ടും ലഭിച്ചിട്ടും പൊതു ആവശ്യത്തിന് ഭൂമിയുടെ തരംമാറ്റം നടക്കാത്തത് സംബന്ധിച്ച് അന്വേഷണം നടത്തി ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) കൊണ്ടോട്ടി മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭൂമി പഞ്ചായത്ത് ഭൂമിയായി റിലിംഗ്വിഷ് ചെയ്യുന്നതിനുള്ള നിർദ്ദേശം തണ്ണീർത്തട കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയ ശേഷം തുടർനടപടികൾ എടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി&ഇ) കൊണ്ടോട്ടി മിനി സിവിൽസ്റ്റേഷൻ നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള സ്ഥലം പരിവർത്തനപ്പെടുത്തുന്നതിനുള്ള നിർദ്ദേശം 17-1-2014-ലെ സംസ്ഥാനതല സമിതി യോഗത്തിൽ പരിശോധിക്കുകയും പ്രസ്തുത ഭൂമി നെൽവയലായതിനാൽ മറ്റൊരു കരഭൂമി കണ്ടെത്തേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തു. പകരം ഭൂമി കണ്ടെത്തിയാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly